പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 925 20.03.2013-ൽ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ വിവിധ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് ഫണ്ട് വകയിരുത്തൽ

ചോദ്യം
ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ഉത്തരം
കുമാരി. പി.കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും, മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് കേരള സംസ്ഥാന പട്ടികജാതി -പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ വിവിധ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് ഫണ്ട് വകയിരുത്താറുണ്ടോ; | (എ) | കേരള പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന്റെ വിവിധ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്കായി 2225-80 195-99-Grant in Aid to the Kerala State SC&ST Development Co-operative Ltd എന്ന ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ വകയിരുത്തുകയും കേന്ദ്ര സർക്കാരിൽ നിന്നും ഫെഡറേഷന് അനുവദിച്ച് നൽകുന്ന തുക വകുപ്പ് മുഖേന നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | നാട്ടിൻപുറത്ത് പ്രവർത്തിക്കുന്ന ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്ത സംഘങ്ങളിലൂടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സംഘങ്ങളുടെയും വന വിഭവശേഖരണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിലേയ്ക്ക് കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷൻ സമർപ്പിക്കുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന തുക പട്ടികവർഗ്ഗ വികസന വകുപ്പ് വഴി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ ഫെഡറേഷന് നൽകുകയും ഫെഡറേഷൻ നാട്ടിൻപുറത്തെ സംഘത്തിന് നൽകുകയും ചെയ്തു വരുന്നു. |

Sali KJ

സെക്ഷൻ ആഫീസർ